REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 27-07-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- നിതി ആയോഗിന്റെ ഒമ്പതാം ഗവേണിങ് കൗൺസിൽ യോഗം ഇന്ന് ന്യൂഡൽഹിയിൽ.
- കർണ്ണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട്ടെ അർജുനായി സേനാവിഭാഗങ്ങളുടെ തെരച്ചിൽ ഇന്നും തുടരും.
- അപേക്ഷിച്ചാൽ ഏഴു ദിവസത്തിനകം വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്ന തരത്തിൽ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് ഭേദഗതി ചെയ്തു.
- പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ മൻ കി ബാത് നാളെ രാവിലെ 11-ന് ആകാശവാണിയിലും ദൂരദർശനിലും.
- ഒളിമ്പിക്സ് 33-ാം പതിപ്പിന് പാരീസിൽ വർണാഭമായ തുടക്കം.

## വാർത്തകൾ വിശദമായി

നിതി ആയോഗിന്റെ ഒമ്പതാമത് ഗവേണിങ് കൗൺസിൽ യോഗം പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ ഇന്ന് ന്യൂഡൽഹിയിലെ രാഷ്ട്രപതി ഭവൻ കൾച്ചറൽ സെന്ററിൽ ചേരും. 'വികസിത് ഭാരത് @ 2047 എന്നതാണ് ഇത്തവണത്തെ പ്രമേയം. വികസിത ഭാരത ദർശനരേഖയുടെ സമീപനപത്രം യോഗം ചർച്ച ചെയ്യും. ഗ്രാമ- നഗര മേഖലകളിലെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ സ്വീകരിക്കേണ്ട പങ്കാളിത്തം സംബന്ധിച്ചും കേന്ദ്രവും സംസ്ഥാനങ്ങളും യോഗത്തിൽ ചർച്ച നടത്തും.

മുഖ്യമന്ത്രിമാർ, ലെഫ്റ്റനന്റ് ഗവർണർമാർ, ഔദ്യോഗിക അംഗങ്ങൾ, കേന്ദ്രമന്ത്രിമാർ, നീതി ആയോഗ് വൈസ് ചെയർമാൻ, അംഗങ്ങൾ തുടങ്ങിയവർ യോഗത്തിൽ സംബന്ധിക്കും.

✪✪✪

നാഷണൽ ടെസ്റ്റിംഗ് ഏജൻസി NEET - UG പരീക്ഷയുടെ പുതുക്കിയ അന്തിമ സ്കോർ കാർഡ് പ്രസിദ്ധീകരിച്ചു. ഔദ്യോഗിക വെബ്സൈറ്റിൽ ഫലം ലഭ്യമാണ്. 17 വിദ്യാർത്ഥികൾ ആദ്യറാങ്ക് പങ്കുവെച്ചു. 24 ലക്ഷത്തിലേറെ പേർക്കായി മെയ് അഞ്ചിനും, 1,563 പേർക്കായി ജൂൺ 23 നുമാണ് നീറ്റ് പരീക്ഷ നടത്തിയത്.

✪✪✪

കർണ്ണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട്ടെ അർജുനായി സേനാവിഭാഗങ്ങളുടെ തെരച്ചിൽ ഇന്നും തുടരും. മുങ്ങൽ വിദഗ്ധർക്ക് ഇന്നലെ ശക്തമായ അടി ഒഴുക്ക് കാരണം ഗംഗാവലി പുഴയിൽ ഇറങ്ങാൻ കഴിഞ്ഞില്ല.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർകോട് ജില്ലാ പ്രതിനിധി P ജഗന്നിവാസൻ.

......(വോയ്സ്).....

കേരളത്തിൽ നിന്ന് മന്ത്രി P.A മുഹമ്മദ് റിയാസ്, M.K രാഘവൻ M.P, MLA മാർ കർണ്ണാടക MLA സതീഷ് കൃഷ്ണ, കോഴിക്കോട് ജില്ലാ കലക്ടർ തുടങ്ങിയവർ തെരച്ചിൽ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.

✪✪✪

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് ഭേദഗതി ചെയ്ത് പ്രസിദ്ധീകരിച്ചു. അപേക്ഷിച്ചാൽ ഏഴ് ദിവസത്തിനകം വൈദ്യുതികണക്ഷൻ ലഭ്യമാക്കണമെന്ന് ഭേദഗതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ദുർഘട പ്രദേശങ്ങളിൽ കണക്ഷന് ഒരു മാസമാണ് സമയപരിധി. നാല് കിലോവാട്ട് വരെ വൈദ്യുതി ആവശ്യമായതും, വീടുകളോട് ചേർന്ന് പ്രവർത്തിക്കുന്നതുമായ ചെറുകിട- സൂക്ഷ്മ വ്യവസായങ്ങൾക്ക് വീടുകളിലെ വൈദ്യുതി കണക്ഷൻ തന്നെ പ്രയോജനപ്പെടുത്താം. ഇതിന് പ്രത്യേക കണക്ഷൻ എടുക്കേണ്ടതില്ലെന്നും ഭേദഗതിയിൽ പറയുന്നു.

✪✪✪

My Gov പ്ലാറ്റ്ഫോം പത്ത് വർഷം പൂർത്തീകരിക്കുന്ന വേളയിൽ അതിലേക്ക് കാഴ്ചപ്പാടുകളും, നിർദ്ദേശങ്ങളും പങ്കുവെച്ച എല്ലാവരെയും പ്രധാനമന്ത്രി നരേന്ദ്രമോദി അനുമോദിച്ചു. ഒരു ദശകം കൊണ്ട് സദ്ഭരണത്തിൽ പങ്കുചേരുന്നതിന് മികച്ച പ്ലാറ്റ്ഫോമായി My Gov മാറിയെന്ന് അദ്ദേഹം സാമൂഹ്യ മാധ്യമപോസ്റ്റിൽ കുറിച്ചു.

✪✪✪

പ്രധാൻമന്ത്രി ഗ്രാം സഡക് യോജന മൂന്നാം ഘട്ടത്തിൽ കേരളത്തിലെ 33 ഗ്രാമീണ റോഡുകൾക്ക് 160 കോടി 56 ലക്ഷം രൂപ അനുവദിച്ചു. 160 കിലോമീറ്ററോളം റോഡുകൾ പദ്ധതിയിൽ നിർമ്മിയ്ക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി സംവദിക്കുന്ന പ്രതിമാസ റേഡിയോ പരിപാടി മൻ കി ബാത് നാളെ രാവിലെ 11 ന് ആകാശവാണിയിലും ദൂരദർശനിലും പ്രക്ഷേപണം ചെയ്യും .

മൻ കി ബാത്തിന്റെ 112-ാം പതിപ്പാണിത്. ദൂരദർശന്റെയും ആകാശവാണിയുടെയും എല്ലാ ശൃംഖലകളിലും പരിപാടി തത്സമയം ലഭ്യമാകും. പ്രധാന പ്രക്ഷേപണത്തിന് ശേഷം പരിപാടിയുടെ പ്രാദേശിക പരിഭാഷയും ഉണ്ടായിരിക്കും.

✪✪✪

ഒളിമ്പിക്സ് 33-ാം പതിപ്പിന് പാരീസിൽ തുടക്കമായി. ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മക്രോൺ ഈ വർഷത്തെ ഒളിമ്പിക്സിന്റെ ഔദ്യോഗിക തുടക്കം, ഇന്ത്യൻ സമയം ഇന്നലെ രാത്രി 11-ന് പ്രഖ്യാപിച്ചു.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്)...

വർണാഭമായ ഉദ്ഘാടന ചടങ്ങിനിടെ മഴയെത്തിയെങ്കിലും കാഴ്ച്ചക്കാരുടെ ആവേശം അണഞ്ഞില്ല. ഉദ്ഘാടനത്തോടനുബന്ധിച്ച് പാരീസിലെ സെൻ നദിയിൽ 7,000 ത്തോളം അത്‌ലറ്റുകൾ ബോട്ടുകളിൽ അണിനിരന്നു. മൂന്ന് തവണ ജൂഡോ ചാമ്പ്യനായ ടെഡി റിനറും, ഫ്രഞ്ച് അത്-ലറ്റ് മറീ ജോസെ പെരേക്കും ചേർന്നാണ് ഒളിമ്പിക് ദീപം തെളിച്ചത്.

ഒളിമ്പിക്സ് ചരിത്രത്തിൽ ഇതാദ്യമായാണ് ഉദ്ഘാടന ചടങ്ങ് പ്രധാന സ്റ്റേഡിയത്തിന് പുറത്ത് ഒരു നദിക്കരയിൽ നടത്തുന്നത്. 2032-ൽ ബ്രിസ്ബനിൽ നടക്കുന്ന ഒളിമ്പിക് ഗെയിംസിന്റെ ആതിഥേയരായ

ഓസ്ട്രേലിയയും, 2028-ൽ ലോസ് ഏഞ്ചൽസിലെ സമ്മർ ഒളിമ്പിക്സിന്റെ ആതിഥേയരായ USAയും ഫ്രാൻസിനൊപ്പം ഉദ്ഘാടന ചടങ്ങിൽ പ്രധാന പങ്കാളികളായി. പി വി സിന്ധുവും ശരത് കമലുമാണ് ചടങ്ങിൽ ഇന്ത്യൻ സംഘത്തെ നയിച്ചത്

പാരീസ് ഒളിമ്പിക്സിൽ പങ്കെടുക്കുന്ന ഇന്ത്യൻ സംഘത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസ നേർന്നു. എല്ലാ കായിക താരങ്ങളും രാജ്യത്തിന്റെ അഭിമാനമാണെന്ന് മോദി സാമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു. താരങ്ങൾ മികച്ച പ്രകടനം കാഴ്ച്ച വെക്കുമെന്നും, കായികക്ഷമതയുടെ യഥാർത്ഥ ചൈതന്യം ഉൾക്കൊള്ളുമെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

ഇന്നത്തെ മത്സരങ്ങളിൽ ഹോക്കിയും ബാഡ് മിന്റൺ പുരുഷ, വനിതാ ഡബിൾസും , ടെന്നിസുമുൾപ്പെടെ ഇന്ത്യയ്ക്ക് നിർണായക മത്സരങ്ങളുണ്ട്.

✪✪✪

ഏഷ്യാ കപ്പ് വനിതാ ട്വന്റി- 20 ക്രിക്കറ്റിൽ ഇന്ത്യ- ശ്രീലങ്ക ഫൈനൽ നാളെ. ഇന്നലെ രണ്ടാം സെമിയിൽ പാകിസ്ഥാനെ മൂന്ന് വിക്കറ്റിന് തോൽപ്പിച്ച് ശ്രീലങ്ക രണ്ടാം ഫൈനലിസ്റ്റുകളായി. പാക്കിസ്ഥാൻ ഉയർത്തിയ 141 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ശ്രീലങ്ക മൂന്ന് വിക്കറ്റും ഒരു പന്തും ശേഷിക്കെ ജേതാക്കളായി.

നാളെ ഉച്ച കഴിഞ്ഞ് മൂന്നിന് ദാംബുളയിലാണ് ഇന്ത്യാ- ശ്രീലങ്കാ ഫൈനൽ പോരാട്ടം.

✪✪✪

ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ വൈറ്റ് വാട്ടർ കയാക്കിംഗ് മത്സരമായ മലബാർ റിവർ ഫെസ്റ്റിവലിന്റെ സമാപനം നാളെ വൈകിട്ട് മന്ത്രി O.R കേളു ഇലന്തുകടവിൽ ഉദ്ഘാടനം ചെയ്യും. കയാക്കിംഗ് മത്സരങ്ങൾ ഇന്ന് രാവിലെ ചാലിപ്പുഴയിൽ ആരംഭിക്കും. ഇന്നലെ കയാക്ക് പ്രോ കാറ്റഗറി പുരുഷ വിഭാഗത്തിൽ ന്യൂസിലാൻഡ് താരം ഒന്നാം സ്ഥാനവും, നോർവെ താരം രണ്ടാം സ്ഥാനവും നേടി.

എട്ട് രാജ്യങ്ങളിലെ 13 അന്താരാഷ്ട്ര കയാക്കർമാർ ഇത്തവണ മലബാർ റിവർ ഫെസ്റ്റിൽ മത്സരിക്കുന്നുണ്ട്.

✪✪✪

അന്താരാഷ്ട്ര ഡോക്യുമെൻററി ഹ്രസ്വ ചിത്ര മേള അതിജീവനത്തിനായി പോരാടുന്ന പലസ്തീൻ ജനതയോട് കേരളത്തിന്റെ ഐക്യദാർഢ്യമാണെന്ന് മന്ത്രി M.B രാജേഷ് പറഞ്ഞു. വിവേചനത്തിനെതിരായ പോരാട്ടമാണ് പാലസ്തീൻ ജനതയുടെതെന്നും, അതിനു നൽകുന്ന പിന്തുണയാണ് മേളയിലെ പാലസ്തീൻ പ്രത്യേക പാക്കേജെന്നും മന്ത്രി വിശദീകരിച്ചു. പതിനാറാമത് രാജ്യാന്തര ഡോക്യുമെന്ററി, ഹ്രസ്വചിത്രമേള തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഡോക്യുമെന്ററി രംഗത്തെ സമഗ്ര സംഭാവനയ്ക്ക് ലൈഫ്ടൈം അച്ചീവ്മെന്റ് പുരസ്കാരം അദ്ദേഹം ബേഡി ബ്രദേഴ്സിന് സമ്മാനിച്ചു. ഇന്ന് മേളയിൽ 16 മത്സര ചിത്രങ്ങൾ പ്രദർശിപ്പിക്കും.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിലും വ്യാപക മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

ഗുജറാത്ത് തീരം മുതൽ വടക്കൻ കേരള തീരം വരെ ന്യൂന മർദ്ദ പാത്തി രൂപപ്പെട്ടു. ഇതിന്റെ സ്വാധീനത്താൽ മധ്യ വടക്കൻ ജില്ലകളിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്.

✪✪✪

ആളിയാർ ഡാമിൽ നിന്ന് വെള്ളം തുറന്നു വിട്ടതിനെ തുടർന്ന് മൂലത്തറ റെഗുലേറ്ററിലെ രണ്ട് ഷട്ടറുകൾ മൂന്നടിയും, നാലടിയും വീതം തുറന്നു. ചിറ്റൂർപ്പുഴയുടെ തീരങ്ങളിൽ ഉള്ളവർ ജാഗ്രത പാലിക്കണമെന്ന് അധികൃതർ മുന്നറിയിപ്പു നൽകി.

✪✪✪

മലപ്പുറത്തെ ആനക്കയം, പാണ്ടിക്കാട് പഞ്ചായത്തുകളിലേർപ്പെടുത്തിയ നിപ നിയന്ത്രണങ്ങളിൽ ഇളവു വരുത്തി. ആനക്കയം പഞ്ചായത്തിൽ രാവിലെ ഏഴു മുതൽ വൈകിട്ട് ഏഴു വരെ കടകൾ തുറക്കാം. പാണ്ടിക്കാട് ഇപ്പോഴത്തെ സമയക്രമം തുടരും. രണ്ട് പഞ്ചായത്തുകളിലും ഹോട്ടലുകളിൽ രാത്രി പത്തു വരെ ഹോം ഡെലിവറിയ്ക്ക് അനുമതി നൽകിയിട്ടുണ്ട്.

✪✪✪

കണ്ണൂരിൽ റെയ്ഡ്കോ ഓണക്കിറ്റിന്റെ സംസ്ഥാനതല വിൽപ്പന മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു. രണ്ടു ലക്ഷം ഓണക്കിറ്റുകളാണ് റെയ്ഡ്കോ വിതരണം ചെയ്യുന്നത്.

✪✪✪

കേന്ദ്ര ബജറ്റിനെതിരായ സംസ്ഥാന ഗവൺമെന്റിന്റെ ഭാഷ്യത്തെ പ്രതിപക്ഷം പിന്തുണക്കുകയാണെന്ന് BJP സംസ്ഥാന പ്രസിഡണ്ട് K.സുരേന്ദ്രൻ കുറ്റപ്പെടുത്തി. ലോക്സഭ തിരഞ്ഞെടുപ്പിലേറ്റ തിരിച്ചടിയിൽ നിന്ന് രക്ഷപ്പെടാൻ പിണറായി വിജയൻ ഉന്നയിക്കുന്ന വാദമാണ് കേന്ദ്ര അവഗണനയെന്ന് അദ്ദേഹം കോഴിക്കോട്ട് പറഞ്ഞു. ഈ വിഷയത്തിൽ തുറന്ന സംവാദത്തിന് UDF ഉം, LDF ഉം തയ്യാറാണോയെന്ന് അദ്ദേഹം ചോദിച്ചു.

ഈ വർഷം ഏറ്റവും കൂടുതൽ തുകയാണ് സംസ്ഥാനത്തിന് കേന്ദ്രം നീക്കിവെച്ചത്. നികുതിയിനത്തിൽ മാത്രം 3,000 ത്തിലധികം കോടി രൂപ കേരളത്തിന് അധികം അനുവദിച്ചതെന്നും സുരേന്ദ്രൻ അറിയിച്ചു. റെയിൽവെ വികസനത്തിന് 3,011 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചെന്ന് സുരേന്ദ്രൻ പറഞ്ഞു.

✪✪✪

വാർധക്യകാലത്ത് കുടുംബങ്ങളിൽപ്പോലും ഒറ്റപ്പെട്ടുകഴിയേണ്ടി വരുന്ന സ്ത്രീകൾക്ക് എല്ലാ പ്രദേശങ്ങളിലും പകൽവീട് ഒരുക്കാൻ തദ്ദേശസ്ഥാപനങ്ങൾ മുന്നോട്ട് വരണമെന്ന് വനിതാ കമ്മിഷൻ അധ്യക്ഷ P.സതീദേവി അഭ്യർഥിച്ചു. ഇക്കാര്യം സംസ്ഥാന ഗവൺമെന്റിന് കമ്മിഷൻ ശുപാർശയായി നൽകും. കണ്ണൂരിൽ ജില്ലാതല അദാലത്തിനു ശേഷം സംസാരിക്കുകയായിരുന്നു സതീദേവി.

✪✪✪

തൃശൂരിലെ കരുവന്നൂർ പാലം ആത്മഹത്യാ മുനമ്പാക്കുന്ന പ്രവണത തടയാൻ അടിയന്തരമായി സ്ഥാപിക്കുന്ന വയർഫെൻസിംഗ് ജോലികൾ മന്ത്രി ഡോ. R. ബിന്ദു നേരിൽക്കണ്ടു. പാലത്തിൽ നിന്ന് പുഴയിലേക്ക് ചാടി ആത്മഹത്യകൾ വർദ്ധിക്കുന്ന സാഹചര്യത്തിലാണ് വയർഫെൻസിംഗ് സ്ഥാപിക്കുന്നത്.

✪✪✪